LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ജനുവരി 16, വെള്ളി

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2004 ജനുവരി മാസം 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

ചരമോപചാരം

മാമ്മൻ മത്തായിയുടെ നിര്യാണം സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....

പതിനൊന്നാം കേരള നിയമസഭയിലെ പ്രമുഖാംഗവും കേരളാ കോൺഗ്രസ്സ് (എം) ജനറൽ സെക്രട്ടറിയുമായിരുന്ന മാമ്മൻ മത്തായിയുടെ വിയോഗം ഉളവാക്കിയ ദുഃഖ ഭാരവുമായാണ് നാം ഇന്നിവിടെ കൂടിയിരിക്കുന്നത്. കർമ്മനിരതനായ ആ സഹപ്രവർത്തകനെക്കുറിച്ചുള്ള ഒട്ടേറെ ഓർമ്മകൾ ഇപ്പോഴും ഈ സഭാന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്നുണ്ട്.

1951 സെപ്തംബർ 5-ാം തീയതി പെരിങ്ങര ചാത്തങ്കരി മുക്കത്തിൽ എം. പി. മത്തായിയുടെ മകനായിട്ടാണ് മാമ്മൻ മത്തായി ജനിച്ചത്. തിരുവല്ല മാർത്തോമാ കോളേജിൽ പഠിക്കുമ്പോൾത്തന്നെ കേരളാ സ്റ്റുഡന്റ്സ് കോൺഗ്രസ്സിലൂടെ അദ്ദേഹം രാഷ്ട്രീയ ജീവിതത്തിന് തുടക്കം കുറിച്ചിരുന്നു. തിരുവനന്തപുരം ലോ കോളേജിൽനിന്ന് നിയമബിരുദം കരസ്ഥമാക്കിയശേഷം അദ്ദേഹം തിരുവല്ല കോടതികളിൽ പ്രാക്ടീസ് ആരംഭിച്ചു. പ്രശസ്തമായ നിലയിൽ അഭിഭാഷകവൃത്തിയിലേർപ്പെട്ടിരുന്നപ്പോഴും സമാന്തരമായി പൊതുപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഈ കാലയളവിൽ കേരളാ കോൺഗ്രസ്സ് (എം) നിയോജകമണ്ഡലം പ്രസിഡണ്ട്, പെരിങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സെനറ്റംഗം എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. 1991-ൽ തിരുവല്ല നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേക്ക് അദ്ദേഹം ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1996, 2001 എന്നീ വർഷങ്ങളിലും അദ്ദേഹത്തിന് അതേ മണ്ഡലത്തിന്റെ പ്രതിനിധിയായി ഈ സഭയിലെ

ത്താൻ കഴിഞ്ഞു. താൻ പ്രതിനിധാനം ചെയ്ത ജനവിഭാഗങ്ങളുടെ ഉത്തമതാൽപ്പര്യങ്ങൾ സംരക്ഷിക്കുകയും സങ്കുചിതമായ അതിർവരമ്പുകൾ ഭേദിച്ച് സമഭാവനയോടെ പെരുമാറുകയും ചെയ്ത മാമ്മൻ മത്തായി സമൂഹത്തിന്റെ സമസ്തമേഖലകളിൽനിന്നും അഭിനന്ദനവും അംഗീകാരവും നേടിയെടുത്തു. പെറ്റീഷൻസ് കമ്മിറ്റിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹം പ്രശംസനീയമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലൊഴികെ, നിയമസഭാ നടപടികളിൽ ഉടനീളം പങ്കെടുക്കാറുള്ള അദ്ദേഹം ആർജ്ജവവും അർപ്പണമനോഭാവവുമുള്ള ഒരു സാമാജികനായിരുന്നു. 2003 ജൂൺ 30-ാം തീയതി റവന്യൂ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് മാമ്മൻ മത്തായി നടത്തിയ പ്രസംഗം ഒരു നിയമസഭാംഗമെന്നനിലയിൽ അദ്ദേഹം ചെയ്യാറുള്ള ഗൃഹപാഠത്തിന് ഉത്തമ നിദർശനമാണ്. വിധിവൈപരീത്യമെന്നു പറയട്ടെ, അത് അദ്ദേഹത്തിന്റെ അവസാനത്തെ നിയമസഭാ പ്രസംഗമായിരുന്നു. അടുത്ത ദിവസം വിമുക്ത ഭടന്മാരുടെ ആശ്രിതർക്കുള്ള വിദ്യാഭ്യാസ സംവരണം സംബന്ധിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നെങ്കിലും അപ്പോഴേയ്ക്ക് അദ്ദേഹം രോഗശയ്യയിലായിക്കഴിഞ്ഞിരുന്നു. മാമ്മൻ മത്തായി ഒട്ടേറെ കർമ്മപരിപാടികൾ തുടങ്ങിവച്ചിട്ടുണ്ട്. അവ പൂർത്തിയാക്കാൻ അദ്ദേഹത്തിന്റെ സഹധർമ്മിണി ഈ സഭയിലെത്തിയിട്ടുണ്ടെന്ന കാര്യം ദുഃഖഭരിതമായ ഈ സന്ദർഭത്തിൽ തികച്ചും ആശ്വാസദായകമാണ്. മദ്ധ്യതിരുവിതാംകൂറിന്റെ രാഷ്ട്രീയ-സാമൂഹ്യ മേഖലകളിൽ പൊതുവേയും കാർഷിക മേഖലയിൽ പ്രത്യേകിച്ചും മികച്ച സംഭാവനകൾ നൽകിയ ഒരു ജനനേതാവിനെയാണ് മാമ്മൻ മത്തായിയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ഈ സഭ ആദരാഞ്ജലികൾ അർപ്പിക്കുകയും സന്തപ്ത കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, അന്തരിച്ച നമ്മുടെ പ്രിയപ്പെട്ട സഹപ്രവർത്തകൻ മാമ്മൻ മത്തായിയുടെ അപദാനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച അഭിപ്രായ പ്രകടനങ്ങളോടും വികാരങ്ങളോടുമെല്ലാം ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. പ്രഗൽഭരായ ഒരുപാട് ജനനേതാക്കളെ കേരളത്തിന് സംഭാവന ചെയ്ത ഒരു പ്രദേശമാണ് മദ്ധ്യതിരുവിതാംകൂർ. മദ്ധ്യതിരുവിതാംകൂറിൽ നിന്നും സമീപകാലത്ത് ഏറ്റവും കൂടുതൽ ജനശ്രദ്ധയാകർഷിച്ച് വളർന്നുവന്ന നേതാവായിരുന്നു മാമ്മൻ മത്തായി. തിരുവല്ല നിയോജകമണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചിരുന്നതെങ്കിലും തിരുവല്ല ഉൾപ്പെടെയുള്ള കുട്ടനാടൻ പ്രദേശത്തിന്റെ, മദ്ധ്യതിരുവിതാംകൂറിന്റെ നാഡിമിടിപ്പുകളും ജനവികാരവും മനസ്സിലാക്കിക്കൊണ്ട് അതാതു കാലഘട്ടങ്ങളിൽ അവിടെയുണ്ടാകുന്ന ജനകീയപ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട്, ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഒരു പോരാളിയെപ്പോലെ, പടത്തലവനെപ്പോലെ അദ്ദേഹം നിരന്തരമായി പടവെട്ടിക്കൊണ്ടിരുന്നു. കൃഷിക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങളോടാണ് അദ്ദേഹം കൂടുതൽ പ്രതിബദ്ധത കാണിച്ചിരുന്നത്. 1997 മുതൽ നാലഞ്ചു വർഷക്കാലം കാർഷിക മേഖലയിൽ സമീപകാലത്ത് ഉണ്ടാകാത്ത പ്രതിസന്ധിയുണ്ടായ കാലഘട്ടത്തിൽ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന നിയോജക മണ്ഡലം ഉൾപ്പെടെയുള്ള പ്രദേശത്തെ കർഷകത്തൊഴിലാളികൾ ഏറ്റവും ദുരിതത്തി ലായിരുന്നു. നെൽകൃഷിക്കാരുടെയും, നാളികേരകൃഷിക്കാരുടേയും, കർഷക [illegible]ളികളുടേയുമെല്ലാം പ്രയാസങ്ങൾ ദൈനംദിനം നേരിട്ടു കണ്ടറിഞ്ഞിരുന്ന അദ്ദേഹം നിയമസഭയിൽ അവ എണ്ണിയെണ്ണി അവതരിപ്പിക്കുകയും കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ വേണ്ടി നിരന്തരമായ പോരാട്ടങ്ങൾ നടത്തു കയും ചെയ്തു. മദ്ധ്യതിരുവിതാംകൂറിലെ തൊഴിലാളി മേഖലയിൽ ഉണ്ടായിക്കൊ ണ്ടിരിക്കുന്ന സ്തംഭനങ്ങൾ പരിഹരിക്കുന്ന കാര്യത്തിലും അദ്ദേഹം ഇവിടെ കാര്യ മായി ശബ്ദമുയർത്തിയിരുന്നു. ഏർപ്പെടുന്ന പ്രശ്നങ്ങളിലെല്ലാം പൂർണ്ണമനസ്സോടു കൂടി സമർപ്പണത്തോടുകൂടി അദ്ദേഹം ഇടപെടാറുണ്ട്. ഏതു പ്രശ്നം ഏറ്റെടു ത്താലും അത് സ്വന്തം പ്രശ്നമെന്ന നിലയിൽ കണ്ട് അതിന് പരിഹാരമുണ്ടാക്കാൻ വേണ്ടി അദ്ദേഹം നിരന്തരമായി പരിശ്രമിച്ചിരുന്നു. ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഊണും ഉറക്കവും ഉപേക്ഷിച്ച് അഹോരാത്രം കഷ്ടപ്പെട്ട് പ്രവർത്തിച്ചി രുന്ന മാമ്മൻ മത്തായിയുടെ ത്യാഗമനോഭാവം നമുക്ക് എന്നും ആവേശം പകരുന്ന ഓർമ്മകളാണ്. തിരുവല്ലയുടേയും കുട്ടനാടിന്റെയും വികസനത്തിനുവേണ്ടി അദ്ദേഹം പല പരിപാടികളും ആവിഷ്കരിച്ചിരുന്നു. പലതും ഇപ്പോഴും സ്വപ്നങ്ങളായി അവ ശേഷിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിച്ചതുപോലെ മാമ്മൻ മത്തായിയുടെ പൂർത്തിയാകാത്ത സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടി നമുക്കൊപ്പം നിന്നുകൊണ്ട് പ്രവർത്തിക്കാൻ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പത്നി ഈ സഭയിൽ എത്തിച്ചേർന്നിട്ടുണ്ട്. ഭർത്താവിന്റെ പൂർത്തീകരിക്കാത്ത സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്നതിന് ആ സഹോദരി നടത്തുന്ന ശ്രമങ്ങൾ വിജയിപ്പിക്കുവാൻ നമുക്കും നമ്മുടെ സഹകരണം വാഗ്ദാനം ചെയ്യാൻ ഈ അവസരത്തിൽ സാധിക്കും. അവസാന നാളുകളിൽ ആരോഗ്യത്തിന് അൽപ്പം തളർച്ച ഉണ്ടായിട്ടും അത് അൽപ്പം പോലും വകവയ്ക്കാതെ അദ്ദേഹം കർമ്മനിരതനായിരുന്നു. അസംബ്ലിയിൽ തനിക്ക് നിർവ്വഹിക്കാനുള്ള കടമകൾ നിർവ്വഹിക്കുന്നതിനുവേണ്ടി മറ്റെല്ലാ പ്രയാസങ്ങളും മാറ്റിവെച്ചുകൊണ്ട് മുന്നോട്ടുവന്നതിന്റെകൂടി ഫലമായിട്ടാണ് ഒരു സമ്മേളന കാലഘട്ട ത്തിൽത്തന്നെ അദ്ദേഹം ഏതാണ്ട് പൂർണ്ണമായും അവശനായി ആശുപത്രിയിൽ എത്തേണ്ട സാഹചര്യം വന്നത്. പരിചയപ്പെടുന്ന സുഹൃത്തുക്കൾക്കെല്ലാം ഒരിക്കലും മറക്കാൻ കഴിയാത്ത മധുരിക്കുന്ന ഓർമ്മകൾ നൽകിയ, കലർപ്പില്ലാത്ത സ്നേഹം മാത്രം കാഴ്ചവെച്ചിട്ടുള്ള, അദ്ദേഹത്തിന്റെ ഓർമ്മകൾ ഭരണ കക്ഷി, പ്രതിപക്ഷ വ്യത്യാസ മില്ലാതെ എല്ലാ അംഗങ്ങൾക്കും ഇപ്പോഴും കുളിർമ്മയുള്ള ഓർമ്മകൾ തന്നെയാണ് എന്നു ഞാൻ കരുതുന്നു. നമ്മെ അകാലത്തിൽ വിട്ടു പിരിഞ്ഞുപോയ ആ പ്രിയ സുഹൃത്തിന്റെ, പ്രിയപ്പെട്ട സഹപ്രവർത്തകന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെ ടുത്തുന്നു. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ നിങ്ങൾക്കൊപ്പം ഞാനും എന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അന്തരിച്ച ബഹുമാനിത നായിരുന്ന മാമ്മൻ മത്തായിയെ സംബന്ധിച്ച് അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് ഞാനും പൂർണ്ണമായും യോജിക്കുകയാണ്. വിദ്യാർത്ഥി ആയിരുന്നപ്പോഴും അഭിഭാഷകനായിരുന്നപ്പോഴും പൊതുരംഗത്ത് ജനങ്ങളുടെ പ്രശ്നങ്ങൾക്കുവേണ്ടി താൽപ്പര്യത്തോടുകൂടി പ്രവർത്തിക്കുകയും അതുവഴി പഞ്ചായത്ത് പ്രസിഡണ്ട്, നിയമസഭാ സാമാജികൻ എന്നീ നിലകളിൽ വളരുകയും ഉയരുകയും തുടർന്നുള്ള അദ്ദേഹത്തിന്റെ അക്ഷീണമായ പ്രവർത്തനം സ്വന്തം മണ്ഡലത്തിലും മദ്ധ്യ തിരുവിതാംകൂറിൽ പൊതുവേയും അദ്ദേഹത്തെ ബഹുമാനത്തിനും സ്നേഹത്തിനും ഇടയാകത്തക്ക വിധത്തിലേയ്ക്ക് മാറ്റുകയുണ്ടായി. പെട്ടെന്നുള്ള അദ്ദേഹത്തിന്റെ അസുഖവും ആകസ്മികമായ മരണവും അത്യന്തം ദുഃഖകരം തന്നെ. മാമ്മൻ മത്തായിയുടെ വേർപാടിൽ എന്റെ കക്ഷിയുടെ ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, യശഃശരീരനായ മാമ്മൻ മത്തായിയുടെ നിര്യാണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച വികാരത്തോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. എല്ലാപേരുടേയും ഏറ്റവും അടുത്ത സ്നേഹിതനായിരുന്നു മാമ്മൻ മത്തായി. ഇക്കാലത്ത് ജനകീയനായ ജനപ്രതിനിധി എന്നുള്ള പേര് സമ്പാദിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. അത് അദ്ദേഹത്തിന് ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെയായിരിക്കും മൂന്നു പ്രാവശ്യം തുടർച്ചയായി ഓരോ തെരഞ്ഞെടുപ്പിലും കൂടുതൽ കൂടുതൽ വോട്ടുവാങ്ങി സ്വന്തം നിയോജകമണ്ഡലത്തിൽനിന്നും ജയിച്ചുവരാൻ അദ്ദേഹത്തിന് കഴിഞ്ഞത്. ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാ കാര്യത്തിലും, രൂപത്തിലും ഭാവത്തിലും പ്രവർത്തിയിലും ഒക്കെ അദ്ദേഹത്തിന്റെ തലയെടുപ്പും പ്രൗഢിയും നമുക്ക് കാണാൻ സാധിച്ചിരുന്നു. രാഷ്ട്രീയത്തിൽ അനുഭവസമ്പത്തുമായി വരുന്നവർക്ക് ഒരു പ്രത്യേകതയുണ്ട്. ആ പ്രത്യേകത മാമ്മൻ മത്തായിക്ക് ഉണ്ടായിരുന്നു. പഞ്ചായത്ത് പ്രസിഡണ്ട് എന്ന നിലയിൽ, ഭൂപണയ ബാങ്ക് പ്രസിഡണ്ട് എന്ന നിലയിൽ, സഹകരണ ബാങ്ക് പ്രസിഡണ്ട് എന്ന നിലയിൽ, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേതൃത്വം കൊടുത്ത ആൾ എന്ന നിലയിൽ, പ്രഗൽഭനായ വക്കീൽ എന്ന നിലയിൽ, ഒരു നിയമസഭാ അംഗം എന്ന നിലയിൽ ഒക്കെയുള്ള അനുഭവങ്ങൾ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചിരുന്നുവെന്ന കാര്യത്തിൽ തർക്കമില്ല. എന്റെ വ്യക്തിപരമായ ഒരു സംഗതി, ഞാനും അദ്ദേഹവും അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ട്രാക്കോ കേബിൾ എന്ന കമ്പനിയുടെ യൂണിയനുകളിൽ സഹപ്രവർത്തകരായിരുന്നു. ഞങ്ങൾ അവിടുത്തെ രണ്ടു യൂണിയന്റെ പ്രസിഡണ്ടുമാരായിരുന്നു. ആ സമയത്ത് ട്രേഡ് യൂണിയൻ രംഗത്തുള്ള അദ്ദേഹത്തിന്റെ കഴിവും യൂണിയനുകളെ തമ്മിൽ യോജിപ്പിക്കുന്നതിലുള്ള താൽപ്പര്യവും നേരിട്ട് മനസ്സിലാക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. നല്ല പരിശുദ്ധമായ മനസ്സിന്റെ ഉടമസ്ഥനായിരുന്നു അദ്ദേഹം. അദ്ദേഹം ആശുപത്രിയിൽ പോകുന്ന ആ ആഴ്ച ഒരു വാരികക്കാരൻ അദ്ദേഹത്തെ ഇന്റർവ്യൂ ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അത് അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാനത്തെ ഇന്റർവ്യൂ ആയിരുന്നു. അത് അച്ചടിച്ചുവന്നത് അദ്ദേഹം കണ്ടിരിക്കില്ല. അന്നാണ് അദ്ദേഹം ആശുപത്രിയിലേക്ക് പോകുന്നത്. അതിലെ ഒന്ന് രണ്ട് വാക്കുകൾ അദ്ദേഹത്തിന്റെ മനസ്സിന്റെ നൈർമ്മല്ല്യം എത്ര ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയുന്ന, എന്നെ വളരെ സ്പർശിച്ച വാക്കുകളാണ്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ദർശനമായിരുന്നു ആ വാക്കുകളിൽ ഉണ്ടായിരുന്നത്. അദ്ദേഹം പറഞ്ഞത്, "ഇന്ന് ഇപ്പോൾ മനുഷ്യന് സ്നേഹമില്ല, ആർത്തിയാണ്. എന്തെങ്കിലും നേടണം. എനിക്ക് ഒരു രീതിയുണ്ട്. അത് വിട്ടുകളയാൻ ഞാനില്ല. രണ്ടു ബൈപാസ് കഴിഞ്ഞു പാടുണ്ട്. ഇത് ഇങ്ങനെ കിടക്കും. ആളും ബഹളവും ശുപാർശക്കാരും. ചെയ്തുകൊടുക്കണ്ടേ? ഞാൻ എം. എൽ. എ. അല്ലേ? എന്നാലും ചിലപ്പോൾ തോന്നും എന്നാ ബഹളമാ, ഒരു സ്വസ്ഥതയില്ല. എല്ലാപേരും പോയിക്കഴിയുമ്പോൾ ഞാൻ മുട്ടുകുത്തിനിന്ന് അല്പം പ്രാർത്ഥിക്കും. ഇതിന്റെ ഗുണമാണുള്ളത്. എല്ലാം അങ്ങോട്ടുപറയും. അന്നേരം ഇത്തിരി ആശ്വാസം കിട്ടും. സത്യം പറഞ്ഞാൽ നമ്മൾ ഈ ലോകത്തുനിന്നും എന്താണ് കൊണ്ടുപോകുന്നത്? ഒന്നുമില്ല. ഒറ്റ ആഗ്രഹമേയുള്ളു, കൈക്കൂലിക്കാരനായും അഴിമതിക്കാരനായും ഈ ലോകം എന്നെ കാണരുത്. അതാണ് എന്റെ ആഗ്രഹം." ഇതായിരുന്നു അദ്ദേഹത്തിന്റെ ജീവിത ദർശനം എന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹത്തെ പരിചയപ്പെട്ട ആർക്കും ഈ വാക്കുകൾ അദ്ദേഹത്തിന്റെ ജീവിതദർശനമായി തോന്നും, നമ്മുടെ മുമ്പിലൂടെ ഗജവീര്യത്തോടെ, ഗാംഭീര്യത്തോടെ, തല ഉയർത്തി ഒളിമങ്ങാത്ത, കുറേ ഓർമ്മകൾ നമ്മുടെ മുമ്പിൽ വിതച്ച, ആ മാനസ്യസുഹൃത്തിന്റെ പാവനസ്മരണയ്ക്കു മുന്നിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു; എന്റെ കക്ഷിയുടെ ദുഃഖം രേഖപ്പെടുത്തുന്നു.

ശ്രീ. ബിനോയ് വിശ്വം: സർ, അന്തരിച്ച മാമ്മൻ മത്തായിയെപ്പറ്റി അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് എന്റെ കക്ഷിക്കുവേണ്ടി ഞാൻ പൂർണ്ണമായും യോജിപ്പ് രേഖപ്പെടുത്തുന്നു. മാമ്മൻ മത്തായിയെപ്പറ്റി നാം അനുസ്മരിക്കുന്ന ഈ വേളയിൽ ഞാൻ ഭാവനയിൽ കാണുകയാണ്, മരിച്ചുകഴിഞ്ഞാൽ ജീവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എങ്കിലും മാമ്മൻ മത്തായി ഇവിടെ എവിടെയോ നിന്നുകൊണ്ട് ഇളം പുഞ്ചിരിയോടുകൂടി നിങ്ങൾ എല്ലാപേരും എന്നെപ്പറ്റി പറഞ്ഞത് ഞാൻ കേട്ടു എന്നുപറയുന്നതായി തോന്നുകയാണ്. ഈ സഭയിൽവെച്ചാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി കാണുന്നത്. ചുരുങ്ങിയ കാലംകൊണ്ട് എന്റെ മാത്രമല്ല എല്ലാപേരുടേയും മനസ്സിൽ കയറിക്കൂടാനുള്ള അദ്ദേഹത്തിന്റെ കഴിവ് അത്യപാരംതന്നെ. നല്ല ഗാംഭീര്യമുള്ള സ്വരം, ഒന്നാന്തരം ആകാരം, പാർട്ടിയോട് അങ്ങേയറ്റത്തെ കൂറ്, പ്രത്യേകിച്ച് മാണിസാറ് എന്നു കേട്ടാൽ ചോരതിളയ്ക്കുന്ന ഞരമ്പ്, ഇത് ഇവിടെ കാണാറുണ്ട്. മാമ്മൻ മത്തായി ഈ സഭയ്ക്ക് തീർച്ചയായും പ്രിയങ്കരനായിരുന്നു. ഈ സഭയുടെ സർവ്വഗംഭീരനായ ഒരംഗം എന്ന നിലയ്ക്ക് അദ്ദേഹം എന്നും ഓർമ്മിക്കപ്പെടുമെന്ന് തീർച്ചയുണ്ട്. അദ്ദേഹത്തിന്റെ മുന്നണിയും എന്റെ മുന്നണിയും വേറെ വേറെ ആണെങ്കിലും രാഷ്ട്രീയതർക്കങ്ങളൊക്കെ ഉണ്ടാകുമെങ്കിലും ഒറ്റയ്ക്കുള്ള നിമിഷങ്ങളിൽ അദ്ദേഹം

പങ്കുവെയ്ക്കുന്ന ദർശനം എന്താണെന്ന് ഇവിടെ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞു. ഞാനും അതേ ഭാഗം ഉദ്ധരിക്കുവാൻ കരുതിയതാണ്. അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. പക്ഷേ എന്തായിരുന്നു, ആരായിരുന്നു മാമ്മൻ മത്തായി എന്നത് ആ വാക്കുകളിൽ കൃത്യമായി പറയുന്നുണ്ട്. ഞാൻ അദ്ദേഹത്തിന്റെ ഇന്റർവ്യൂവിലെ മറ്റൊരുഭാഗം ഉദ്ധരിക്കുവാൻ ആഗ്രഹിക്കുന്നു. 'എന്റെ വിളിപ്പേര് വിജയൻ എന്നാണ്. കൊച്ചിയിൽ കമ്മ്യൂണിസ്റ്റ് ബന്ധമുള്ള ട്രേഡ് യൂണിയൻ നേതാവായിരുന്നു എന്റെ പപ്പ. ഒരു തൊഴിൽ സമരം വിജയിച്ച ഓർമ്മയ്ക്കാണ് എനിക്ക് വിജയനെന്ന് പേരിട്ടത്. പപ്പ പിന്നെ കുട്ടനാട്ടിലേക്ക് തിരികെവന്നു. ഇ. ജോൺ ജേക്കബിനേയുംകൂട്ടി കമ്മ്യൂണിസ്റ്റ് വിരുദ്ധ സമരം നയിച്ചു. കുട്ടനാട്ടിലെ കമ്മ്യൂണിസ്റ്റുകാരെ നേരിട്ടു. അതെല്ലാം പിൽക്കാല കഥകൾ.' ഈ ഭൂതകാലവും മാമ്മൻ മത്തായിക്ക് ഉണ്ടെന്ന കാര്യം അത് വായിച്ചപ്പോഴാണ് ഞാൻ അറിയുന്നത്. ഞാൻ തിരുവല്ല ഇലക്ഷൻ സമയത്ത് അവിടെ പോയപ്പോൾ ഒരു ഓട്ടോ ഡ്രൈവറോട് ചോദിച്ചു, തെരഞ്ഞെടുപ്പൊക്കെ എങ്ങനെയുണ്ടെന്ന്. ആ തൊഴിലാളി എന്നോട് പറഞ്ഞത്, സർക്കാരിന്റെ ഭരണം നോക്കിയാൽ വോട്ട് ചെയ്യേണ്ടത് എൽ. ഡി. എഫ്.-നാണ്. പക്ഷേ മാമ്മൻ മത്തായിയെ ഓർക്കുമ്പോൾ എൽ. ഡി. എഫ്.-ന് അല്ല വോട്ട് ചെയ്യാൻ പോകുന്നത്. യു. ഡി. എഫ്.-നാണ് എന്നാണ്. തിരുവല്ലയിലെ മനുഷ്യരുടെ മനസ്സിലുള്ള മാമ്മൻ മത്തായി എന്താണ് എന്ന് വാക്കുകൾ എന്നോട് പറയുന്നു. മാമ്മൻ മത്തായിയോട് നാടിനുള്ള വികാരവും സ്നേഹാദരവുകളും ഈ വാക്കുകൾ വിളിച്ചുപറയുന്നുണ്ട്. നാടിനെ സ്നേഹിച്ച നാടിനാൽ സ്നേഹിക്കപ്പെട്ട, ജനങ്ങൾക്ക് പൂർണ്ണമായും അർപ്പണം ചെയ്യപ്പെട്ട മനസ്സുള്ളതുകൊണ്ടുതന്നെയാണ് ആ അർപ്പണവും സ്നേഹവും തിരിച്ചുകിട്ടിയത്. അദ്ദേഹത്തിന്റെ വേർപാടിൽ സഭയ്ക്കുള്ള ദുഃഖം നാം ഇവിടെ രേഖപ്പെടുത്തുകയാണ്. ഞാൻ എന്റെ പാർട്ടിക്കുവേണ്ടിയും എനിക്ക് വേണ്ടിയും ആ സ്മരണയ്ക്കു മുന്നിൽ ഒരിക്കൽകൂടെ തലകുനിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, മാമ്മൻ മത്തായി ഇല്ലാത്ത ഒരു നിയമസഭയെപ്പറ്റി എനിക്ക് ചിന്തിക്കുവാൻ നിർവ്വാഹമില്ല. അത്രയ്ക്ക് അഭേദ്യമായിരുന്നു ഈ നിയമസഭയോടും ഈ നിയമസഭയിലെ അംഗങ്ങളോടും മാമ്മൻ മത്തായി പുലർത്തിപ്പോന്ന ഗാഢമായ ബന്ധം. ബഹുമാന്യനായ ബിനോയ് വിശ്വം ഇവിടെ സൂചിപ്പിച്ചതുപോലെ ആകാര സൗഷ്ഠവം കൊണ്ടും ഘനഗംഭീര ശബ്ദം കൊണ്ടും, അവതരണരീതി കൊണ്ടും, ആത്മാർത്ഥതകൊണ്ടും എല്ലാം ശ്രദ്ധേയനായ ഒരു പാർലമെന്റേറിയനായി കുറഞ്ഞ വർഷം കൊണ്ട് ഉയർന്നുവന്ന മാമ്മൻ മത്തായിയുടെ അഭാവം നമ്മെ സംബന്ധിച്ചിടത്തോളം വലിയ നഷ്ടമാണ്. എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ നെടുംതൂണായിരുന്ന, മദ്ധ്യ തിരുവിതാംകൂറിലെ ഉന്നത സമൂഹത്തിനിടയിൽ ഒരു പൊതു പ്രവർത്തകനായി colossus പോലെ ഉയർന്നുനിന്ന, അദ്ദേഹത്തിന്റെ നിര്യാണം എന്റെ പാർട്ടിക്ക് ഏറ്റവും വലിയ ആഘാതമാണ്. കഴിഞ്ഞ ജൂൺ മാസം 30-ാം തീയതി ആയിരുന്നു അങ്ങ് സൂചിപ്പിച്ചതുപോലെ അദ്ദേഹം ഈ നിയമസഭയെ അവസാനമായി അഭിസംബോധന

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്. അദ്ദേഹം വളരെ പരിക്ഷീണിതനായിരുന്നു. അങ്ങ് സൂചിപ്പിച്ചതു പോലെ പെരിങ്ങളം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന, കർഷകരിൽനിന്നുള്ള നെല്ല് അളന്നുവാങ്ങുകയും അവർക്ക് വില കൊടുക്കുകയും ചെയ്ത ചടങ്ങിൽ അദ്ദേഹം ദിവസങ്ങളായി വ്യപൃതനായിരുന്നു. രാത്രി അദ്ദേഹം ഇവിടെ ഓടി എത്തുകയായിരുന്നു, പ്രത്യേകിച്ച് എന്റെ വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ സംസാരിക്കണമെന്നും അങ്ങളുടെ പാർലമെന്ററി പാർട്ടി കൂടിയപ്പോൾ അദ്ദേഹംതന്നെ അനുവാദം ചോദിച്ചുവാങ്ങിയതാണ്. ഞാൻ സംസാരിക്കും ആ ദിവസം. എനിക്ക് തോന്നുന്നു അദ്ദേഹം നടത്തിയ [illegible] പ്രസംഗത്തിൽ ഒന്നായിരുന്നു ജൂൺ മാസം 30-ാം തീയതി നടത്തിയത്. അദ്ദേഹം അതിനായി ഓടി എത്തി വളരെ ക്ഷീണം തോന്നി പ്രസംഗം കഴിഞ്ഞപ്പോൾ എന്ത് സംഭവിച്ചുവെന്ന് എനിക്ക് അദ്ദേഹത്തോട് ചോദിക്കണമെന്ന് തോന്നി. പക്ഷേ അദ്ദേഹം മെയിൻ കവാടത്തിലൂടെ പുറത്തുപോയി. എനിക്ക് സംസാരിക്കുവാൻ കഴിഞ്ഞില്ല. കുറേ കഴിഞ്ഞപ്പോൾ നമ്മൾ എല്ലാപേരും അറിഞ്ഞത് എം. എൻ. എ. ക്വാർട്ടേഴ്സിൽ കുഴഞ്ഞുവീണ അദ്ദേഹത്തെ മെഡിക്കൽ കോളേജാശുപത്രിയിലാക്കി എന്നുള്ള വാർത്തയാണ്. ഞാൻ അവിടെ ഓടി എത്തുമ്പോൾ അദ്ദേഹം ബോധരഹിതനായി കിടക്കുന്ന കാഴ്ചയാണ് കണ്ടത്. നിങ്ങളും ഞാനും നമ്മൾ എല്ലാപേരും അദ്ദേഹത്തിന്റെ തിരിച്ചുവരവിനുവേണ്ടി കാത്തിരുന്നു. അദ്ദേഹത്തെ പിന്നീട് വെല്ലൂരിലേക്ക് കൊണ്ടുപോയി. വീണ്ടും അദ്ദേഹം ആരോഗ്യവാനായി തിരിച്ചെത്തുമെന്ന് പ്രതീക്ഷിച്ചു. പ്രാർത്ഥിച്ചു. നമ്മൾ നിശ്ചയിക്കുന്നതുപോലെ അല്ല, വിധി അദ്ദേഹത്തിന്റെ ജീവൻ കവർന്നെടുത്തു. ആ ദുഃഖഭാരത്തിൽ നമ്മൾ നിൽക്കുകയാണ്. എനിക്ക് ഒരു കാര്യം മാത്രമേ പറയുവാനുള്ളൂ, ഇവിടെ സൂചിപ്പിച്ചതുപോലെ മാമ്മൻ മത്തായി നിഷ്ക്കളങ്കമായ സംശുദ്ധമായ രാഷ്ട്രീയ പ്രവർത്തനമാണ് നടത്തിയത്. അദ്ദേഹത്തിന്റെ സഹധർമ്മിണി ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച് ഇവിടെ വന്നിട്ടുണ്ട്. അതുതന്നെ സൂചിപ്പിക്കുന്നത് മാമ്മൻ മത്തായിയോട് ആ നാട്ടിലെ ജനങ്ങൾക്കുള്ള ആരാധനയെയാണ്. അദ്ദേഹം പാവപ്പെട്ടവരുടെ നേതാവായിരുന്നു. പാവപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അദ്ദേഹം ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. കർഷകരേയും കർഷകത്തൊഴിലാളികളേയും സമന്വയിപ്പിച്ച നേതാവായിരുന്നു മാമ്മൻ മത്തായി. വാസ്തവം പറഞ്ഞാൽ അതൊരു വൈരുദ്ധ്യമാണ്. കർഷകരും കർഷകത്തൊഴിലാളികളും രണ്ടു വർഗ്ഗമല്ല, ഒരു നാണയത്തിന്റെ രണ്ടു വശമാണ്, അവർ രണ്ടല്ല, ഒന്നാണ്, ഒരു നാണയത്തിന്റെ രണ്ടു വശമാണെന്നു വിശ്വസിച്ച് അവരുടെ ഉൽക്കർഷയ്ക്കുവേണ്ടി പ്രവർത്തിച്ച, അവരെ സമന്വയിപ്പിച്ച ഒരു നേതാവായിരുന്നു മാമ്മൻ മത്തായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരു പടയാളിയായിരുന്നു അദ്ദേഹം. ഒരു പടക്കുതിരയെപ്പോലെ ഒരു പ്രശ്നത്തിന് ഇറക്കിവിടാം. പതറുകയില്ല, കാലിടറുകയില്ല. ഒരു കാര്യത്തിന് ഇറങ്ങിയാൽ അതു സാധിച്ചിട്ടേ വരൂ. ആരുടേയും മുമ്പിൽ തല കുനിക്കാത്ത, മുട്ടു മടക്കാത്ത ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അതുപോലെ ധീരനായ ഒരു നേതാവിനെ കണ്ടുമുട്ടുക പ്രയാസമാണ്. അദ്ദേഹം കൽപ്പിക്കുകയേയുള്ളൂ. പാർട്ടി മീറ്റിങ്ങിലായാലും എവിടെ വന്നാലും തന്റെ അഭിപ്രായം ഇന്നതാണ്, അത് കേൾക്കണം എന്നുള്ള നിലയ്ക്ക് കൽപ്പിക്കുന്ന ഒരു വ്യക്തിത്വ

LIBRARY ARCHIVES Kerala Legislative Assembly

മായിരുന്നു, ആജ്ഞാപിക്കുന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ഇത്രമാത്രം ആജ്ഞാശക്തിയുള്ള ഒരു നേതാവിനെ വളരെ വിരളമായിട്ടേ നമുക്ക് കണ്ടെത്താൻ കഴിയുകയുള്ളൂ. അതുപോലെ അദ്ദേഹത്തിന്റെ ഡെഡിക്കേഷൻ എത്രയോ വലുതാണെന്ന് ഞാൻ ഓർക്കുകയാണ്. കർഷകരുടെ ഏറ്റവും വലിയ മിത്രമാണ്. അദ്ദേഹത്തിന്റെ പിതാവിനെപ്പോലെ തന്നെ കുട്ടനാടൻ കർഷകർക്കുവേണ്ടി, നെൽക്കർഷകർക്കുവേണ്ടി ധീരമായി പോരാടിയ ഒരു നേതാവെന്നുള്ള നിലയിൽ കർഷക സമൂഹത്തിന് അദ്ദേഹത്തിന്റെ നിര്യാണം ഏറ്റവും വലിയ നഷ്ടമാണ്. ഈ സന്ദർഭത്തിൽ എന്റെ വാക്കുകൾ ഞാൻ കൂടുതൽ നീട്ടുന്നില്ല. അദ്ദേഹത്തിന്റെ സഹധർമ്മിണി ഉപതെരഞ്ഞെടുപ്പിൽ വിജയിച്ചു വന്നിട്ടുണ്ട്. ദുഃഖനിമഗ്നമായ ഒരു സാഹചര്യത്തിൽ അവരുടെ ഉപതെരഞ്ഞെടുപ്പിലെ വിജയം നമുക്ക് സന്തോഷം പകരുന്നുണ്ട്. ഒരു കാര്യം ഞാൻ ഓർക്കുന്നു. ഭാര്യയായ എം. എൽ. എ. ഇവിടെയിരിക്കുമ്പോൾ ഭർത്താവിന്റെ ചരമോപചാരം നടക്കുന്നത് കേരളനിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് എന്നാണ് ഞാൻ കരുതുന്നത്. ഇതിനുമുമ്പ് അങ്ങനെയൊരു സംഭവം ഉണ്ടായതായി എന്റെ ഓർമ്മയിൽ ഇല്ല. മാമ്മൻ മത്തായിയുടെ ചൈതന്യം ശ്രീമതി എലിസബത്തിന് വഴികാട്ടട്ടെ, ശ്രീമതി എലിസബത്തിന് പൊതുപ്രവർത്തന രംഗത്ത് ശക്തി നൽകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. മാമ്മൻ മത്തായിയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, കഴിഞ്ഞ ജൂൺ 30-ാം തീയതിവരെ ഈ സഭയിലും കേരളത്തിന്റെ പൊതുപ്രവർത്തനരംഗത്തും ത്രസിച്ചു നിന്നിരുന്ന മാമ്മൻ മത്തായിയുടെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അങ്ങും സഭാ നേതാവും പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കന്മാരും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും യോജിക്കുന്നു. വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും പൊതുജീവിതത്തിലും മാമ്മൻ മത്തായിയെ സംബന്ധിച്ചിടത്തോളം പൊയ്മുഖമില്ലായിരുന്നു. ചുറ്റുപാടും പൊയ്മുഖങ്ങൾ മാത്രം ദൃശ്യമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ നമ്മുടെ പൊതുരംഗത്ത് ഒരു വിസ്മയമായിരുന്നു മാമ്മൻ മത്തായി. കഴിഞ്ഞ ഡിസംബർ 1-ാം തീയതി നടന്ന തിരുവല്ല ഉപതെരഞ്ഞെടുപ്പിൽ ഏതാണ്ട് 40 ദിവസത്തോളം തുടർച്ചയായി ആ നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനം നടത്തിയപ്പോഴാണ് (നേരത്തെ മാമ്മൻ മത്തായിയെക്കുറിച്ച് കൂടുതൽ അറിയാനും പഠിക്കാനും കഴിഞ്ഞിരുന്നുവെങ്കിലും) കുടിൽ തൊട്ട് കൊട്ടാരം വരെ ആ നിയോജകമണ്ഡലത്തിൽ മാമ്മൻ മത്തായിക്ക് ബഹുജനങ്ങളിലുള്ള സ്വാധീനം എന്താണെന്ന് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞത്. എല്ലാ ജാതി മതസ്ഥരായ ആളുകളിലും എല്ലാ രാഷ്ട്രീയ കക്ഷിയിൽപ്പെട്ട ആളുകളിലും അവരുടെ ഹൃദയത്തിലും മനസ്സിലും മാമ്മൻ മത്തായിയെ സംബന്ധിച്ചിടത്തോളം തന്റേതായ ഒരു ഇടമുണ്ടായിരുന്നു എന്നുള്ളതാണ് സത്യം. വളരെയധികം വൈരുദ്ധ്യങ്ങളുള്ള, സാമൂഹ്യ താൽപ്പര്യങ്ങൾ ഉള്ള ആ നിയോജകമണ്ഡലത്തിൽ എല്ലാ താൽപ്പര്യങ്ങളെയും കൂട്ടിയിണക്കുന്ന ഒരു കണ്ണിയായി വർത്തിക്കാൻ മാമ്മൻ മത്തായിക്ക് കഴിഞ്ഞിരുന്നു എന്നുള്ളതാണ് സത്യം

LIBRARY ARCHIVES Kerala Legislative Assembly

ആധുനിക കേരള രാഷ്ട്രീയത്തിലെ ഒരു വിസ്മയമെന്ന് വേണമെങ്കിൽ മാമ്മൻ മത്തായിയെക്കുറിച്ച് പറയാൻ കഴിയും. സുപ്രസിദ്ധനായ ആംഗലേയ സാഹിത്യകാരനായ തോമസ് ഹാർഡിയുടെ 'The Mayor of Casterbridge' എന്ന നോവലിൽ Michael Henchard എന്ന ഒരു കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുണ്ട്. ആ കഥാപാത്രത്തെ ഓർമ്മിപ്പിക്കുന്ന സ്വഭാവവിശേഷങ്ങളുള്ള ഒരു പ്രതിഭയായിരുന്നു മാമ്മൻ മത്തായി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ സന്തപ്ത കുടുംബാംഗങ്ങളുടെയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും സഭയുടെയും ദുഃഖത്തിൽ ഞാനും എന്റെ കക്ഷിയും പങ്ക് ചേരുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, നിയമസഭയിലെ ഇരുഭാഗത്തുമുള്ള നേതാക്കന്മാർ മാമ്മൻ മത്തായിയെപ്പറ്റി പറഞ്ഞതായിട്ടുള്ള അഭിപ്രായത്തോടും വികാരത്തോടും ഞാനും യോജിക്കുന്നു. ഞാനുണ്ടായിരുന്ന മൂന്ന് നിയമസഭയിലും മെമ്പറായിരുന്നുവെങ്കിലും ഈ നിയമസഭയിലാണ് അദ്ദേഹത്തെ കൂടുതൽ പരിചയപ്പെടാനിടയായത്. അദ്ദേഹം ഉൾക്കൊള്ളുന്ന തിരുവല്ല നിയോജകമണ്ഡലം നെല്ലു സംഭരണത്തിന് ഒഴിവാക്കപ്പെട്ട ജില്ലയിൽപ്പെട്ട താലൂക്കായതുകൊണ്ട് നെല്ല് എടുക്കാതെ വന്നതിന്റെ പേരിൽ കൃഷിക്കാർക്കുള്ള നെൽ സംഭരണത്തിന് അദ്ദേഹത്തിന്റെ നിയോജകമണ്ഡലം കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരഭ്യർത്ഥനയുമായിട്ടാണ് എന്റെയടുത്ത് അദ്ദേഹം ആദ്യം വന്നത്. അതനുസരിച്ച് ആ നിയോജക മണ്ഡലം ഉൾപ്പെടുത്തുകയും നെല്ല് സംഭരിക്കുന്നതിന് നടപടികൾ എടുക്കുകയും ചെയ്തു. അത്തരത്തിൽ നെല്ലു സംഭരണം പലസ്ഥലത്തും നടന്നു. എങ്കിലും വ്യത്യസ്തമായിട്ടുള്ള വിധത്തിൽ മാമ്മൻ മത്തായി, നെല്ലു സംഭരണം നടത്തുന്നതിൽ ജനങ്ങളുടെ സഹകരണവും സ്നേഹവും കൈവരിക്കുന്ന വിധത്തിൽ ആ അവസരം ഉപയോഗിച്ചു. അതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. നെല്ല് സംഭരണത്തിന് ഗവൺമെന്റ് വില നിശ്ചയിച്ചുവെങ്കിലും നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ വിലയ്ക്ക് നെല്ലു വിൽക്കാൻ സാധിച്ചതുകൊണ്ട് അദ്ദേഹം നെല്ലിനു കിട്ടിയ വില, സംഭരിച്ച സൊസൈറ്റിക്കോ വ്യക്തിക്കോ, കൊടുക്കാതെ കൃഷിക്കാർക്ക് വീതിച്ചുകൊടുക്കുന്ന സമ്പ്രദായം സ്വീകരിക്കുകയും അതിൽകിട്ടിയ പണം കൃഷിക്കാർക്ക് കൊടുക്കുകയും ചെയ്തു. ഞാൻ ആ ചടങ്ങിൽ പങ്കെടുക്കാനിടയായതുകൊണ്ട് അതിൽ, കൃഷിക്കാർക്കുള്ള സന്തോഷവും അദ്ദേഹം കാണിച്ച സ്തുത്യർഹമായ സേവനവും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അവസാനം അദ്ദേഹം എന്നോട് പറഞ്ഞത്, തിരുവല്ല താലൂക്കിൽ ഇനിയും 300 ഹെക്ടർ സ്ഥലം കൃഷിയോഗ്യമായത് തരിശായി കിടക്കുന്നുണ്ട്. തരിശായി കിടക്കുന്ന ആ സ്ഥലം ഒരു കൊല്ലത്തിനകം കൃഷി ചെയ്ത് അതിൽ നിന്ന് നെല്ല് സംഭരിക്കത്തക്ക വിധത്തിൽ കൃഷിയോഗ്യമാക്കാൻ ഗവൺമെന്റ് സഹായിക്കണം എന്നായിരുന്നു. അദ്ദേഹത്തിന്റെ ഒരു പ്രത്യേക ഗുണമായി ഞാൻ കാണുന്നത്, ഏറ്റെടുക്കുന്ന ജോലിയിലുള്ള കമ്മിറ്റ്മെന്റാണ്. ഏറ്റെടുക്കുന്ന ജോലി, ജനങ്ങൾക്ക് സ്വീകാര്യമായ വിധം നടപ്പിലാക്കി ഗുണഭോക്താക്കളുടെ സ്നേഹം കൈവരിച്ചു. അദ്ദേഹത്തിന്റെ ദേഹവിയോഗം ഉണ്ടാക്കിയ ദുഃഖത്തിൽ മാമ്മൻ മത്തായിയുടെ കുടുംബത്തോടും അദ്ദേഹത്തിന്റെ പാർട്ടിയോടും അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളോടും ഒപ്പം ഞാനും എന്റെ പാർട്ടിയും പങ്കുചേരുകയും അവരെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ശ്രീ. എ. എ. അസീസ്: ഈ സഭയിലെ അംഗമായിരുന്ന മാമ്മൻ മത്തായിയുടെ നിര്യാണത്തിൽ അങ്ങു പ്രകടിപ്പിച്ച വികാരത്തോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച അഭിപ്രായങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. മാമ്മൻ മത്തായിയെക്കുറിച്ച് വളരെ നേരത്തെ പറഞ്ഞുകേട്ടിട്ടുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ രൂപവും ഭാവവുമെല്ലാം കാണാൻ കഴിഞ്ഞതും എനിക്ക് അദ്ദേഹവുമായി പരിചയപ്പെടാൻ കഴിഞ്ഞതും ഈ സഭയിൽ വച്ചാണ്. അദ്ദേഹം വളരെ പ്രമാണിത്വമുള്ള ഒരു കർഷക കുടുംബത്തിൽ ജനിച്ച ആളായിരുന്നു. മാമ്മൻ മത്തായിയുടെ പിതാവ് മധ്യതിരുവിതാംകൂറിലെ അറിയപ്പെട്ട ഒരു കർഷകപ്രമാണിയായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ആ പാത പിന്തുടർന്നുകൊണ്ട് കർഷകരേയും കർഷകത്തൊഴിലാളികളേയും ഒരുപോലെ കണ്ട് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും ആ മേഖലയെ പരിപോഷിപ്പിക്കാനും അദ്ദേഹം പരിശ്രമിച്ചു എന്നുള്ളത് യാഥാർത്ഥ്യമാണ്. അദ്ദേഹം ഒരു നല്ല രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തകനായിരുന്നു. പഞ്ചായത്ത് ഭരണ കാലഘട്ടത്തിൽ ഒരു പഞ്ചായത്ത് പ്രസിഡണ്ട് എന്നുള്ള നിലയിൽ അദ്ദേഹം വളരെ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ഒരാളാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ എല്ലാ നിലയിലും, രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗത്ത് നിറഞ്ഞുനിന്ന, ഘനഗാംഭീര്യത്തോടുകൂടി വർത്തമാനം പറയാൻ കഴിയുന്ന അദ്ദേഹം നമ്മിൽ നിന്ന് വിട്ടുപോയതിൽ അതീവ ദുഃഖമുണ്ട്. ഇവിടെ എല്ലാവരും പ്രകടിപ്പിച്ച ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു. ആ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 11-ാം കേരള നിയമസഭയിൽ നമ്മോടൊപ്പം കടന്നുവന്ന മാമ്മൻ മത്തായി ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹത്തെ വളരെ വർഷങ്ങൾക്കുമുമ്പ് തന്നെ എനിക്ക് വ്യക്തിപരമായി അടുത്തറിയാം. കേരളാ സ്റ്റുഡൻസ് കോൺഗ്രസ്സിന്റെ സംസ്ഥാന നേതൃത്വനിരയിൽ ഞാൻ പ്രവർത്തിക്കുന്ന സന്ദർഭത്തിൽ അദ്ദേഹം കെ. എസ്. സി.-യുടെ ഏറ്റവും സജീവ നേതാവായി തിരുവല്ല മാർത്തോമാ കോളേജിൽ നേതൃത്വം കൊടുത്തു പ്രവർത്തിച്ചിരുന്നു. അതുപോലെതന്നെ അന്ന് ആലപ്പുഴ ജില്ലയിലും നേതൃത്വം കൊടുത്തു പ്രവർത്തിച്ചിരുന്ന ഒരു വിദ്യാർത്ഥി നേതാവായിരുന്നു അദ്ദേഹം. കെ. എസ്. സി.-യുടെ ഏറ്റവും ശക്തമായ യൂണിറ്റുണ്ടായിരുന്ന, ഒറ്റയ്ക്ക് സ്റ്റുഡൻസ് കോൺഗ്രസ്സിന് ജയിക്കാൻ കഴിഞ്ഞിരുന്ന, തിരുവല്ല മാർത്തോമാ കോളേജിൽ എല്ലാ രംഗങ്ങളിലും വളരെ സജീവമായി നേതൃത്വം കൊടുക്കാൻ കഴിഞ്ഞ വിജയൻ അന്നുമുതൽതന്നെ ഞങ്ങൾക്കൊക്കെ വളരെ പ്രിയങ്കരനായിരുന്നു, അദ്ദേഹം തിരുവല്ല മാർത്തോമാ കോളേജിൽ പഠിക്കുന്ന കാലത്തും അതിനുശേഷം ലാകോളേജിൽ പഠിക്കുമ്പോഴും തന്റെ വിശ്വാസങ്ങൾക്കനുസരിച്ച് ഒരു വിദ്യാർത്ഥി നേതാവെന്നുള്ള നിലയിൽ സജീവമായി വിദ്യാർത്ഥിപ്രശ്നങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു വ്യക്തിയാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ പിതാവ് എം. പി. മത്തായി കേരളാ കോൺഗ്രസ്സ് പാർട്ടിക്ക് എന്നും അഭിമാനത്തോടുകൂടി ഓർമ്മിക്കാൻ കഴിയുന്ന ഒരു വ്യക്തിയാണ്. കേരള നിയമസഭയിൽ ഇ. ജോൺ ജേക്കബിനുശേഷം കർഷകരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി വളരെ ശക്തമായ പോരാട്ടം നടത്തിയിട്ടുള്ള ഒരംഗമാണ് വിജയൻ. 9-ാം കേരള നിയമസഭയിലും 10-ാം കേരള നിയമസഭയിലും 11-ാം കേരള നിയമസഭയിലും അദ്ദേഹം നടത്തിയിട്ടുള്ള പല പ്രസംഗങ്ങളും കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ളതാണെന്ന് ഞാൻ ഓർമ്മിക്കുന്നു. കൃഷിക്കാരുടെ പ്രശ്നങ്ങൾക്കുവേണ്ടി ഷർട്ട് ധരിക്കാതെ കേരള നിയമസഭയിൽ ഹാജരായി പ്രതിഷേധം പ്രകടിപ്പിച്ച ഇ. ജോൺ ജേക്കബിനെ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഓർക്കുന്നു. അദ്ദേഹത്തിന്റെ യഥാർത്ഥ പിൻഗാമി എന്നുള്ള നിലയിൽ ഈ നിയമ സഭയിൽ കടന്നുവന്ന് കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്കുവേണ്ടി വളരെ ശക്ത മായ പോരാട്ടം മാമ്മൻ മത്തായി നടത്തിയിട്ടുണ്ട്. പ്രത്യേകിച്ചും കുട്ടനാടൻ മേഖലയിൽ ഒരു കാലഘട്ടത്തിലുണ്ടായിരുന്ന കർഷക സമരങ്ങളുടെ മുൻപന്തിയിൽ ഈ ജോൺ ജേക്കബ് നിൽക്കുമ്പോൾ അദ്ദേഹത്തിന്റെ ലെഫ്റ്റനെന്റായി നിന്നുകൊണ്ട് പ്രവർത്തിച്ച [illegible] മാമ്മൻ മത്തായിയുടെ പിതാവ് എം. പി. മത്തായി. ആ പിതാവിന്റെ പിൻഗാമി അല്ലെങ്കിൽ മകൻ എന്നുള്ള നിലയിൽ അദ്ദേഹം ഏറ്റെടുത്ത ചുമതലകൾ പൂർണ്ണത യോടുകൂടി നടപ്പാക്കാൻ വിജയന് കഴിഞ്ഞു. 9-ാം കേരള നിയമസഭയിൽ അദ്ദേഹം അംഗമായി വന്നതിനുശേഷമാണ് ചെന്നൈയിൽവെച്ച് ബൈപ്പാസ് സർജറി നടന്നത്. ബൈപ്പാസ് സർജറിക്കുശേഷം അദ്ദേഹം ഇവിടെ വന്നു. ജീവിതത്തോട് ഒരു വെല്ലു വിളി പോലെയാണ് മാമ്മൻ മത്തായി പ്രവർത്തിച്ചിട്ടുള്ളത്. അദ്ദേഹത്തിന് അന്നൊന്നും ആരോഗ്യപ്രശ്നം ഒരു പ്രശ്നമായിരുന്നില്ല. പലപ്പോഴും വ്യക്തിപരമായി എല്ലാ സുഹൃ ത്തുക്കളും അദ്ദേഹത്തെ ഉപദേശിക്കാറുള്ളപ്പോൾ, 'അതൊന്നും പ്രശ്നമല്ല, താൻ ഏറ്റെ ടുത്ത ദൗത്യവുമായി മുന്നോട്ടു പോകുന്നു, എത്രകാലം ജീവിക്കുമെന്നത് ദൈവനിശ്ച യമാണ്' എന്നു പറഞ്ഞ് ജീവിതത്തെ വളരെ ലാഘവത്തോടുകൂടി കണ്ട ഒരു വ്യക്തിയായിട്ടാണ് എനിക്ക് പലപ്പോഴും മാമ്മൻ മത്തായിയെക്കുറിച്ച് തോന്നിയിട്ടുള്ളത്. അദ്ദേഹത്തിന്റെ അഭാവം തീർച്ചയായും കേരളത്തിലെ കർഷക ജനതയ്ക്കും പ്രത്യേകിച്ച് ഈ സഭയ്ക്കും ഒരു കുറവായിട്ടുതന്നെ തോന്നുകയാണ്. അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി എലിസബത്ത് മാമ്മൻ ഇവിടെ അംഗമായി വന്നിട്ടുണ്ട്. വിജയൻ തുടങ്ങിവച്ച നല്ല കാര്യങ്ങൾ പൂർത്തീകരിക്കാൻ ശ്രീമതി എലിസബത്ത് മാമ്മന് കഴിയട്ടെ. തീർച്ചയായും വിജയന്റെ ഓർമ്മകൾ, അദ്ദേഹത്തിന്റെ നല്ല പ്രവർത്ത നങ്ങൾ നമ്മുടെ എല്ലാവരുടേയും മനസ്സിൽ എല്ലാ കാലത്തും തങ്ങിനിൽക്കും. വിജയന്റെ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കുണ്ടായിട്ടുള്ള ദുഃഖത്തിൽ ഞാനും പങ്കു ചേരുന്നു.

ഡോ. കെ. സി. ജോസഫ്: സർ, അന്തരിച്ച മാമ്മൻ മത്തായിയെക്കുറിച്ച് അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുന്നു. വാക്കുകൾ കൊണ്ടുള്ള വർണ്ണനകൾക്കതീത മായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വിജയൻ. ബഹുമാന്യനായ ടി. എം. ജേക്കബ് സൂചിപ്പിച്ചതുപോലെ വിദ്യാർത്ഥി കോൺഗ്രസ്സിന്റെ വലിയൊരു ശക്തി സ്രോതസ്സായിരുന്നു തിരുവല്ല മാർത്തോമാ കോളേജിൽ വിജയൻ. അന്ന് കെ. എസ്. യു.-വിനെതിരെ മദ്ധ്യതിരുവിതാംകൂറിലെ ഒരു പ്രധാനപ്പെട്ട വിദ്യാർത്ഥി ശക്തി എന്നു പറയുന്നത് വിദ്യാർത്ഥി കോൺഗ്രസ്സായിരുന്നു. ആ ശക്തിയെ പിടിച്ചു നിർത്താൻ വേണ്ടിയുള്ള ശക്തമായ പോരാട്ടം നടത്തി, അതിന് നേതൃത്വം കൊടുത്ത വിജയൻ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ, യുവജന പ്രസ്ഥാനത്തിലൂടെ, കാർഷിക മേഖലയി ലൂടെ നേതൃത്വത്തിൽ എത്തിച്ചേർന്നു. പഞ്ചായത്തു പ്രസിഡണ്ട് എന്നുള്ള നിലയിലും സഹകരണമേഖലയിലെ പ്രവർത്തകൻ എന്നുള്ള നിലയിലും തുടർന്ന് എം. എൽ. എ. എന്നുള്ള നിലയിലും താൻ പ്രതിനിധാനം ചെയ്യുന്ന മേഖലയുടെ താൽപ്പര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുവാൻ, ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടിയുള്ള ദൃഢനിശ്ച യവും ലക്ഷ്യ ബോധവും അദ്ദേഹത്തിനുണ്ടായിരുന്നു. ഏറ്റെടുത്ത പ്രവർത്തനങ്ങൾ, മറ്റുള്ളവർ തെറ്റാണെന്ന് പ്രഘോഷിക്കുമ്പോഴും, തനിക്ക് ശരിയാണെന്ന് തോന്നുന്നവ യ്ക്കുവേണ്ടിയുള്ള ധീരമായ നിലപാട് സ്വീകരിക്കുകയും അത് വിജയിപ്പിക്കുവാൻ വേണ്ടിയുള്ള പടയോട്ടം നടത്തുകയും ചെയ്തിരുന്നു. അങ്ങനെ ജനങ്ങളോടൊപ്പം നടന്നു നീങ്ങിയ ജനങ്ങളുടെ ഒരു നേതാവായിരുന്നു വിജയൻ. കാർഷിക മേഖലയിൽ അദ്ദേഹം ചെയ്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിന്റെ അർപ്പണ മനോഭാവത്തെക്കുറിച്ചുമൊന്നും വളരെ വിശദമായി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വളരെ അടുത്ത വ്യക്തിബന്ധം പുലർത്തുവാൻ, അയൽക്കാരനെ ന്നുള്ള നിലയിൽ, വിശാല കുട്ടനാടൻ മേഖലയിൽപ്പെട്ട ഒരു പ്രദേശത്തിന്റെ ജന പ്രതിനിധി എന്നുള്ള നിലയിൽ, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിന്റെ ഒരതിര് എന്റെ നിയോജകമണ്ഡലത്തിന്റെ അതിര് ആണെന്നുള്ള നിലയിൽ, വളരെ നല്ല അയൽപ്പക്കബന്ധവും പരസ്പരമുള്ള വ്യക്തി ബന്ധങ്ങളുമൊക്കെയുള്ള ഒരാളെന്നുള്ള നിലയിൽ എല്ലാം അടുത്ത ബന്ധം പുലർത്തി വ്യത്യസ്ത രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുമ്പോഴും സ്നേഹിതരായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ഇടപെടുന്ന എല്ലാവരുമായും, പരിചയപ്പെടുന്ന എല്ലാവരുമായും നല്ല സ്നേഹബന്ധം പുലർത്തുവാനും ആ വ്യക്തിബന്ധം നിലനിർത്തുവാനുമുള്ള പ്രത്യേക ജാഗ്രത സൂക്ഷിക്കുക്കയും ചെയ്ത വിജയന്റെ സ്മരണകൾ തീർച്ചയായും മധ്യതിരുവിതാം കൂറിലെങ്ങും എന്നും നിലനിൽക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശ യവുമില്ല. അദ്ദേഹത്തിന്റെ നിര്യാണം കാർഷിക മേഖലയ്ക്ക് വലിയ നഷ്ടമാണ്, കേരളാ കോൺഗ്രസ്സ് (എം)-ന് വലിയ നഷ്ടമാണ്, നമ്മുടെ സാമൂഹ്യ പ്രവർത്തന രംഗത്തിനുതന്നെ വലിയ നഷ്ടമാണ്, ആ വലിയ വേർപാട് എന്നും നികത്തപ്പെടാതെ തന്നെ കിടക്കും. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പി ക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, നമ്മോടൊപ്പം ഈ സഭയിൽ അംഗമായിരുന്ന, ഞങ്ങളൊക്കെ വിജയൻ എന്നുവിളിക്കുന്ന മാമ്മൻ മത്തായി ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹം മുന്ന് നിയമസഭകളിൽ അംഗമായിരുന്ന ആളാണ്. കർഷകർക്കും കർഷകത്തൊഴിലാളികൾക്കും പ്രാമുഖ്യമുള്ള തിരുവല്ല നിയോജക മണ്ലത്തെ മൂന്ന് പ്രാവശ്യം പ്രതിനിധീകരിക്കുകയും അവരുടെ പ്രശ്നങ്ങൾക്കുവേണ്ടി അതിശക്തമായി സഭയിലും പുറത്തും നിലകൊള്ളുകയും ചെയ്ത വളരെ പ്രമുഖനായ ഒരു നിയമസഭാസാമാജികനായിരുന്നു അദ്ദേഹമെന്ന് ഞാൻ ഓർക്കുന്നു. ഒരു ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ മുതൽ അദ്ദേഹത്തെ എനിക്ക് പരിചയമുണ്ട്. 1964-ൽ കേരളാ കോൺഗ്രസ്സ് രൂപീകരിച്ച കാലഘട്ടത്തിൽ ഇ. ജോൺ ജേക്കബിനൊടൊപ്പം കൃഷിക്കാ രുടെ പ്രശ്നങ്ങൾക്കുവേണ്ടി കൃഷിക്കാരുടെ രാഷ്ട്രീയ പ്രസ്ഥാനമെന്ന് അറിയപ്പെട്ടി രുന്ന, കേരള കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ, അദ്ദേഹ ത്തിന്റെ പ്രിയപ്പെട്ട പിതാവ് അതിശക്തനായ കർഷകനേതാവായിരുന്ന ഇ. ജോൺ ജേക്കബിന്റെ വലതുകൈ ആയി പ്രവർത്തിച്ചിരുന്ന കാലഘട്ടംമുതൽ അദ്ദേഹത്തിന്റെ കുടുംബവുമായി വളരെ അടുത്തറിയാവുന്ന ആളായിരുന്നു ഞാൻ.

LIBRARY ARCHIVES Kerala Legislative Assembly

1972-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ആ നിയോജകമണ്ഡലത്തിൽ ഞാൻ മൽസരിക്കുമ്പോൾ വിജയൻ അന്ന് ലാ കോളേജ് വിദ്യാർത്ഥിയായിരുന്നു എന്നാണ് എന്റെ ഓർമ്മ. എം. പി. മത്തായിയുടെ മകൻ എന്നുള്ള നിലയിൽ അദ്ദേഹം വളരെ ശക്തമായി ആ കാലഘട്ടത്തിൽ ആ പ്രദേശത്ത് പ്രവർത്തിച്ചിരുന്നതായി ഞാൻ ഓർക്കുന്നു. വാഗ്മിത്വംകൊണ്ട് ആളുകളെ സംഘടിപ്പിക്കുന്നതിലും വിദ്യാർത്ഥികളുടെ പ്രത്യേക സ്കാഡുകൾ സംഘടിപ്പിക്കുന്നതിലും അദ്ദേഹം പ്രകടിപ്പിച്ച താൽപ്പര്യം വളരെ വലുതാണ്. മാമ്മൻ മത്തായി ഒരു കർഷകബന്ധുവും കർഷകരുടെ നേതാവും ആയില്ലെങ്കിലേ അത്ഭുതമുള്ളൂ. കാരണം മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ കർഷക നേതാവായിരുന്ന എം. പി. മത്തായിയുടെ മകന് മറ്റൊന്നുമാകാൻ കഴിയുമായിരുന്നില്ല എന്ന് ഈ അവസരത്തിൽ ഞാൻ ഓർമ്മിക്കുന്നു. അദ്ദേഹത്തിന്റെ പ്രൗഢഗംഭീരമായ ശബ്ദവും ആകാരവും, ഈ സഭയിൽ അദ്ദേഹം പലപ്പോഴും നടത്തിയിട്ടുള്ള പ്രസംഗങ്ങളുമൊക്കെ നമ്മുടെ മനസ്സിൽ ഇന്നും മായാതെ നിൽക്കുകയാണ്. മാമ്മൻ മത്തായിയുടെ അനവസരത്തിലുള്ള മരണം, 51-ാമത്തെ വയസ്സിലാണ് അദ്ദേഹം നമ്മെ വിട്ടു പോയത്. 51 വയസ്സെന്നുപറയുന്നത് ഒരു വലിയ വയസ്സൊന്നുമല്ല. അദ്ദേഹത്തിന്റെ ചരമം കേരളാ കോൺഗ്രസ്സ് തറവാടിനുണ്ടായിരിക്കുന്ന ഏറ്റവും വലിയ നഷ്ടങ്ങളിൽ ഒന്നാണ്. തറവാട് ഭാഗംവച്ച് പലരും പിരിഞ്ഞുപോയെങ്കിലും തറവാടുസ്നേഹം മറക്കാൻ കഴിയാത്തതുകൊണ്ട് ഈ തറവാടിനുണ്ടായ നഷ്ടത്തിൽ എല്ലാവരും, പ്രത്യേകിച്ച് ഞാൻ വളരെ ദുഃഖിതനാണ്. നമ്മുടെ സംസ്ഥാനത്ത് വളർന്നുവരാൻ കഴിയുമായിരുന്ന ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമയെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. ആ നഷ്ടം നികത്താൻ തൽക്കാലം പരിഹാരമോ മറ്റു മാർഗ്ഗങ്ങളോ നിർദ്ദേശിക്കാൻ കഴിയുന്നില്ല. ഞാൻ നേരത്തേ പറഞ്ഞതുപോലെ വിജയൻ ആത്മാർത്ഥമായും ഈ രാജ്യത്തെ കർഷകരുടേയും സാധാരണക്കാരായ ആളുകളുടേയും ശബ്ദമായിട്ടാണ് പ്രവർത്തിച്ചിരുന്നത്. ആ ശബ്ദത്തിനൊരു മറുശബ്ദം തൽക്കാലം നമുക്ക് കണ്ടെത്താൻ കഴിയില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ സഭയ്ക്കും തിരുവല്ലയ്ക്കും മദ്ധ്യതിരുവിതാംകൂറിനും പ്രത്യേകിച്ച് കേരളാ കോൺഗ്രസ്സ് പ്രസ്ഥാനത്തിനും ഉണ്ടായിരിക്കുന്ന ഈ നഷ്ടത്തിൽ, വിജയന്റെ വേർപാടിൽ, നമുക്ക് ദുഃഖിക്കുകയല്ലാതെ മറ്റു പോംവഴികളൊന്നുമില്ല. ഞാനും എന്റെ പ്രസ്ഥാനവും അദ്ദേഹത്തിന്റെ വേർപ്പാടിൽ ദുഃഖിക്കുകയും, ഈ സഭയിൽ അംഗമായി വന്നിരിക്കുന്ന അദ്ദേഹത്തിന്റെ ധർമ്മപത്നിയായ ശ്രീമതി എലിസബത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിലും ആ പ്രദേശത്തുള്ള ജനങ്ങളുടെ ദുഃഖത്തിലും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെ ദുഃഖത്തിലും പങ്കുചേരുകയും അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്യുന്നു.

ശ്രീ. വി. സി. കബീർ: സർ, നമ്മെ വിട്ടുപോയ മാമ്മൻ മത്തായിയെക്കുറിച്ച് അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കളും പ്രകീർത്തിച്ച അപദാനങ്ങളെ ഞാനും അനുകൂലിക്കുന്നു. ഞാൻ ഏറ്റവും ഇഷ്ടപ്പെടുകയും 1999-ൽ ഞങ്ങൾ രണ്ടുപേരും ശക്തമായി കോർക്കുകയും ചെയ്ത ഒരു സന്ദർഭം ഞാൻ ഒരു മിനിറ്റ് ഓർക്കട്ടെ. നെല്ലിയാമ്പതിയിലെ വനംകയ്യേറ്റവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ നാട്ടുകാരനായ ഒരു വ്യക്തിയെ സഹായിക്കുന്നതിന് അദ്ദേഹം നിൽക്കുകയും വനം സംരക്ഷിക്കുന്നതിനുവേണ്ടി ഞാൻ ശ്രമിക്കുകയും ചെയ്തതിനെ തുടർന്ന് അതിശക്തമായ പ്രശ്നങ്ങൾ ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നു എന്നത്

LIBRARY ARCHIVES Kerala Legislative Assembly

രഹസ്യമായ ഒരു പരസ്യമാണ്. അന്നത്തെ നിയമസഭാ സ്പീക്കർ ഇടപെട്ടാണ് ഞങ്ങൾ രണ്ടാളേയും ആ പ്രശ്നത്തിൽ നിന്നും വേർപ്പെടുത്തിയത് എന്നും ഞാൻ ഓർമ്മിക്കുന്നു. ജനങ്ങൾക്കുവേണ്ടി, നാട്ടുകാർക്കുവേണ്ടി, കർഷകർക്കുവേണ്ടി, സത്യത്തിനു വേണ്ടി അദ്ദേഹം നിലനിന്നു എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും എനിക്കില്ല. അതോടൊപ്പംതന്നെ നീതിക്കും സത്യത്തിനുംവേണ്ടി ഞങ്ങൾ തമ്മിലുണ്ടായ ആ പോരാട്ടം ഇന്നും ഞാൻ സ്നേഹത്തോടുകൂടിയാണ് ഓർമ്മിക്കുന്നത്. അദ്ദേഹത്തിന്റെ സഹധർമ്മിണി ഈ സഭയിലുണ്ട്. അവർക്കും അവരുടെ കുടുംബത്തിനും ഉണ്ടായിട്ടുള്ള ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. അദ്ദേഹത്തിന്റെ പൂർത്തിയാകാത്ത സ്വപ്നങ്ങളുടെ സഫലീകരണത്തിനുവേണ്ടി ആ സഹോദരി നടത്തുന്ന ശ്രമങ്ങൾക്ക് ഞാൻ സർവ്വവിധ പിന്തുണയും വാഗ്ദാനം ചെയ്യുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നമ്മോടൊപ്പം ഉണ്ടായിരുന്ന നമ്മുടെ ഏവരുടേയും പ്രിയപ്പെട്ട മാമ്മൻ മത്തായി ഇന്നു നമ്മോടൊപ്പമില്ല. അദ്ദേഹത്തിന്റെ സഹധർമ്മിണി നമ്മോടൊപ്പമുണ്ട് എന്നത് ആശ്വാസത്തിന് വകനൽകുന്നുണ്ട്. അദ്ദേഹത്തെക്കുറിച്ചുള്ള നല്ല ഓർമ്മകൾ, നമ്മെയാകെ അസ്വസ്ഥരാക്കുന്ന ഓർമ്മകൾ, ഇവിടെ അങ്ങും കക്ഷിനേതാക്കന്മാരും പ്രകടിപ്പിച്ചു കഴിഞ്ഞു. അതിനോടെല്ലാം പൂർണ്ണമായും ഞാനും യോജിക്കുകയാണ്. മാമ്മൻ മത്തായിയെ കണ്ടുമുട്ടുകയും പരിചയപ്പെടുകയും ചെയ്യുന്ന ഒരു വ്യക്തിക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ, പൊയ്മുഖമില്ലാത്ത രാഷ്ട്രീയപ്രവർത്തകരിൽ ഇന്ന് അപൂർവ്വം കാണുന്ന ഒരു ജനുസ്സാണ് അദ്ദേഹം. പാർട്ടിയോട് പൂർണ്ണമായും കൂറു പുലർത്തുമ്പോൾത്തന്നെ പാർട്ടിക്കതീതമായി ഇത്രയധികം വ്യക്തിബന്ധം പുലർത്തുന്ന ജനപ്രതിനിധികൾ ഒരുപക്ഷേ ഈ സഭയിൽ തന്നെയുണ്ടോ എന്നു സംശയമാണ്. പാർട്ടിക്കതീതമായി എല്ലാ സഹപ്രവർത്തകരേയും ഇത്രയധികം സ്നേഹിക്കാൻ കഴിഞ്ഞിട്ടുള്ള അദ്ദേഹത്തിന്റെ ആകെയുണ്ടായിരുന്ന ജീവിതലക്ഷ്യത്തെക്കുറിച്ച്, തുറന്ന ദർശനങ്ങളെക്കുറിച്ച്, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ സംസാരിച്ചുകഴിഞ്ഞു. വളരെ ഹൃദയസ്പൃക്കായ ഇൻർവ്യൂവാണ് അദ്ദേഹം അവസാനം നൽകിയത്. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ സാധാരണക്കാരായ ജനങ്ങളോട് ഏതു വിഭാഗത്തിൽപ്പെട്ട ആളുകളോടായാലും ശരി അവരോടെല്ലാം, അത്രയധികം ഇടപഴകി കഴിഞ്ഞിരുന്ന ഒരു ജനപ്രതിനിധിയായിരുന്നു അദ്ദേഹം. അക്കാര്യം ഇവിടെ പ്രതിപാദിച്ചതാണ്, ഞാൻ ആവർത്തിക്കുന്നില്ല. എന്തുകൊണ്ടും നമുക്കെല്ലാവർക്കും ഹൃദയത്തിൽ നൊമ്പരമുളവാക്കുന്ന ഒരു ഓർമ്മയായി ഇന്നു മാമ്മൻ മത്തായി മാറിക്കഴിഞ്ഞിരിക്കുന്നു. ആ ഓർമ്മകൾക്കു മുമ്പിൽ നിങ്ങളോടൊപ്പം ഞാനും പങ്കുചേരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടേയും പാർട്ടിയുടേയും ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

ശ്രീ. പി. സി. ജോർജ്: സർ, എന്റെ ഒരു സഹോദരനെപ്പോലെ ഞാൻ കണ്ടിരുന്ന പ്രിയങ്കരനായ മാമ്മൻ മത്തായിയെ സംബന്ധിച്ച് ബഹുമാന്യനായ അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. അദ്ദേഹം അവസാനം നടത്തിയ പ്രസംഗത്തെപ്പറ്റി അങ്ങിവിടെ സൂചിപ്പിച്ചു. ആ അവസാനത്തെ പ്രസംഗത്തിനുശേഷം അദ്ദേഹം ശ്രീ. ജോസഫ് എം.

LIBRARY ARCHIVES Kerala Legislative Assembly

പുതുശ്ശേരി ഇരിക്കുന്ന സീറ്റിൽനിന്നും നേരെ എന്റെയടുത്തുവന്നിരുന്നു. ഞാൻ ദുഃഖത്തോടുകൂടി ഓർമ്മിക്കുകയാണ്. മുപ്പതോളം പേജുകൾ വരുന്ന കടലാസ്സുകൾ അദ്ദേഹം എന്നെ ഏൽപ്പിച്ചു. ഞാനതു മുഴുവൻ വായിച്ചു. അതു ഞാൻ ഈ സഭയിൽ പറയുന്നില്ല എന്നുപറഞ്ഞു. എന്തുകൊണ്ടാണ് മാമ്മാ ഇതു സഭയിൽ പ്രസംഗിക്കാത്തതെന്നു ഞാൻ ചോദിച്ചു. അദ്ദേഹം അതിനുപറഞ്ഞ മറുപടിയും ഞാൻ ഈ സഭയിൽ പറയുന്നില്ല. ആ കടലാസ്സുകൾ ഞാൻ അദ്ദേഹത്തിനു തിരിച്ചുനൽകി. എന്നാൽ രാത്രി ഏഴു മണിക്ക് ആ കടലാസ്സുകൾ എനിക്കുതന്നെ തിരികെ നൽകാമെന്നു അദ്ദേഹം പറയുകയുണ്ടായി. അതിനുശേഷം ഞങ്ങൾ തമ്മിൽ ഒരു ചെറിയ പിണക്കവും ഉണ്ടായി. അതു പറയാൻ എനിക്കു മടിയില്ല. എന്റെ കവറിലുണ്ടായിരുന്ന സിഗറ്റ് അദ്ദേഹമെടുത്തു. അതു മാമ്മൻ വലിക്കുന്നതു ശരിയല്ലെന്നു ഞാൻ പറഞ്ഞു. അപ്പോൾ ജോർജിനു വലിക്കാമോ എന്നദ്ദേഹം ചോദിച്ചു. ഞാൻ അസുഖമില്ലാത്തവനാണ് എന്നുപറഞ്ഞുകൊണ്ട് ആ സിഗറ്റ് ഞാൻ പിടിച്ചുവാങ്ങി. അവസാനമായി ഇവിടെ നിന്നും അദ്ദേഹം ഇറങ്ങിപ്പോകുന്ന ആ പോക്ക് എന്റെ കൺമുന്നിൽത്തന്നെ നിൽക്കുകയാണ്. അതിനുശേഷം അദ്ദേഹം ഈ സഭയിൽ വന്നിട്ടില്ല. ഏഴര മണിയോടുകൂടിയാണ് അദ്ദേഹത്തിന് അസുഖമുണ്ടായി ആശുപത്രിയിൽ അഡ്മിറ്റായി എന്നറിയുന്നത്. ഇത്രമാത്രം തന്റേടത്തോടുകൂടി പ്രശ്നങ്ങളെ അഭിമുഖീകരിച്ചിരുന്ന ഒരു വ്യക്തി നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിൽ തന്നെ അപൂർവ്വമാണ്. എം. എൽ. എ. ക്വാർട്ടേഴ്സിന്റെ ന്യൂ ബ്ലോക്കിൽനിന്നും അസുഖമുണ്ടായി അദ്ദേഹം താഴെ ഇറങ്ങുമ്പോൾ, ആമ്പുലൻസ് താഴെ കൊണ്ടുവരാൻവേണ്ടി വാച്ച് ആന്റ് വാർഡ് പോയതാണ്. പക്ഷേ അദ്ദേഹം നടന്നുകുന്നുകയറി ഓൾഡ് ബ്ലോക്കിൽ വന്നു വാനിൽ കയറുകയായിരുന്നു. അദ്ദേഹത്തിന്റെ ആ നടപ്പല്ലേ അദ്ദേഹത്തിന്റെ ജീവൻ അപഹരിച്ചതെന്ന് ഞാൻ സംശയിക്കുന്നു. 1996 മുതൽ 2001 വരെയുള്ള ആ കാലഘട്ടത്തിൽ പെറ്റീഷൻസ് കമ്മിറ്റിയിൽ എന്നോടൊപ്പമുണ്ടായിരുന്ന ഒരു അംഗമായിരുന്നു അദ്ദേഹം. ഞാൻ നിയമസഭാ കമ്മിറ്റികളുടെ ടൂറിനു പോകാത്ത ഒരാളാണ്. അദ്ദേഹത്തിന്റെ നിർബന്ധത്തിനുവഴങ്ങി ഒരു ചെറിയ ടൂറിൽ അദ്ദേഹത്തോടൊപ്പം പോകാനിടയായി. അന്നുണ്ടായ ബന്ധം അത്രദൃഢമായിരുന്നു. കാർഷിക മേഖലയിൽ അദ്ദേഹം ചെയ്ത സേവനങ്ങൾ മറക്കാനാവില്ല. കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിൽ, അദ്ദേഹത്തിന്റെ സഹധർമ്മിണി ജയിച്ചു വന്ന അവസരത്തിൽ, ആ തെരഞ്ഞെടുപ്പിൽ ഞാൻ തിരുവല്ലയിൽ ചെന്നപ്പോൾ പല സുഹൃത്തുക്കളും അദ്ദേഹത്തിന്റെ സ്വഭാവരീതിയെപ്പറ്റി പറഞ്ഞപ്പോൾ അതുതന്നെ ശരിയാണ്. ഒരു യഥാർത്ഥ ജനപ്രതിനിധി എങ്ങനെയായിരിക്കണമെന്നതിനു ഉദാഹരണമായി നമുക്ക് കാണിക്കാൻ കഴിയുന്നത് നമ്മുടെ പ്രിയങ്കരനായ വിജയനെയാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണംകൊണ്ട് ഏറ്റവും കൂടുതൽ വേദനിക്കുന്നത് അദ്ദേഹത്തിന്റെ കുടുംബവും സുഹൃത്തുക്കളുമാണെങ്കിലും അദ്ദേഹത്തിന്റെ നിര്യാണംകൊണ്ട് അധികം നഷ്ടം വന്നിരിക്കുന്നത് കേരളാ കോൺഗ്രസ്സിനു തന്നെയാണെന്നു പറയാതിരിക്കുവാൻ കഴിയില്ല. നമ്മുടെ കേരളാ കോൺഗ്രസ്സ് സംസ്കാരത്തിൽ അദ്ദേഹത്തിന് വളരെയേറെ വേദനയുണ്ടായിരുന്നു എന്നെനിക്കറിയാം. തീർച്ചയായും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അറിയുന്ന കേരളാ കോൺഗ്രസ്സ് പ്രവർത്തക നേതാക്കൾ അതൊന്നു ആലോചിക്കുന്നത് കേരള രാഷ്ട്രീയത്തിന് ഗുണകരമായിരിക്കുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നല്ലവനായ ആ മനുഷ്യന്റെ ഓർമ്മകൾക്കുമുമ്പിൽ ശിരസ്സുനമിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേർന്നുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, മാമ്മൻ മത്തായിയെപ്പറ്റി അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും മറ്റു കക്ഷി നേതാക്കളും പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളോട് ഞാനും പൂർണ്ണമായും യോജിക്കുകയാണ്. മാമ്മൻ മത്തായി കൃഷിക്കാരുടെ താൽപ്പര്യത്തിനുവേണ്ടി ഉറച്ചുനിൽക്കുന്ന ഒരാളെന്നാണ് പലരും അദ്ദേഹത്തെ വിശേഷിപ്പിച്ചത്. അത് ശരിയായിരിക്കാം. അതിനുമുപരി മാമ്മൻ മത്തായി ആൾക്കൂട്ടത്തിൽ ഒരാളാണ്. സ്വന്തം പ്രദേശത്തും അതുപോലെ മറ്റു പ്രദേശങ്ങളിലും അദ്ദേഹം എല്ലാവരുടേയും ആളായിരുന്നിട്ടുണ്ട്. അതുകൊണ്ടാണ് നിയമസഭാ മെമ്പർമാർക്കും അദ്ദേഹത്തെ മറക്കാൻ കഴിയാത്തത്. നമ്മുടെ നിയമസഭയിൽ വഴക്കു നടക്കുമ്പോൾ ഞാൻ നോക്കാറുണ്ട്, ആ ഭാഗത്ത് വഴക്കുണ്ടായാൽ ഒരു ഗജവീരനെപ്പോലെ മാമ്മൻ മത്തായി എഴുന്നേറ്റുനിന്നാൽ പിന്നെ ശ്രീ. പി. സി. ജോർജ് അടക്കം എല്ലാവരും അപ്പോഴേ ഇരിക്കും. അങ്ങനെ നിയമസഭയേയും ആകർഷിച്ച ഒരു മാനുഷദേഹമാണ് അദ്ദേഹം. മാമ്മൻ മത്തായിയുടെ അവസാനത്തെ ആ ഇന്റർവ്യൂവിനെക്കുറിച്ച് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ വായിച്ചു. "പോകുമ്പോൾ ഒന്നും കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നില്ല, എന്നാൽ അഴിമതിക്കാരനല്ല എന്നു ലോകം പറയണം എന്നൊരാഗ്രഹമുണ്ട്." ആ ആഗ്രഹം എല്ലാവർക്കും ബാധകമാണെന്നുമാത്രം പറയുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിനോട് എന്റെ അനുശോചനം അറിയിക്കുന്നു.

മി. സ്പീക്കർ: അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി സഭ അൽപനേരം എഴുന്നേറ്റുനിന്നു മൗനമാചരിച്ചു.)

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജനുവരി മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.52-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly